Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

3737/എം./2017/കെ.എസ്.എച്ച്.ഒ. 23/01/2018

## സർക്കുലർ

വിഷയം:- കുടുംബശ്രീ – സി.ഡി.എസ്. ത്രിതല സംഘടനാ സംവിധാനം – നിയുക്ത ഭരണ സമിതികളുടെ സത്യപ്രതിജ്ഞ–സംബന്ധിച്ച്

സൂചന:- 1) സ.ഉ.(പി) നം. 214/2014/ത.സ്വ.ഭ.വ. തീയതി 27/11/2014
2) സ.ഉ. (പി) നം.11/2015/ത.സ്വ.ഭ.വ. തീയതി 14/01/2015
3) സ.ഉ.(പി) നം. 94/2017/ത.സ്വ.ഭ.വ. തീയതി 01/12/2017
4) സ.ഉ.(പി) നം. 95/2017/ത.സ്വ.ഭ.വ. തീയതി 05/12/2017

2018–ലെ കുടുംബശ്രീ ത്രിതല സംഘടന തെരഞ്ഞെടുപ്പ് പൂർത്തിയാക്കി പുതിയ ഭാരവാഹികൾ 2018 ജനുവരി 26–ാം തീയതി അധികാരം ഏറ്റെടുക്കേണ്ടതാണ്. കേരളത്തിലെ എല്ലാ സിഡിഎസ്സുകളിലും ഭരണ സമിതികൾ ഒരേ ദിവസമാണ് ചുമതലയെടുക്കേണ്ടത്.

26/01/2018–ന് രാവിലെ 10.30–ന് എല്ലാ അയൽക്കൂട്ടങ്ങളിലും സത്യപ്രതിജ്ഞയും ചുമതല കൈമാറ്റവും നടത്തേണ്ടതാണ്. അയൽക്കൂട്ടത്തിലെ ഒരു മുതിർന്ന അംഗം സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കേണ്ടതാണ്. 12.00 മണിക്ക് വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ എഡിഎസ് സത്യപ്രതിജ്ഞാ ചടങ്ങും ചുമതല കൈമാറ്റവും നടത്തേണ്ടതാണ്. വാർഡ് മെമ്പറുടെ അസാന്നിദ്ധ്യത്തിൽ മുൻ എഡിഎസ് ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിലോ അവരുടെയും അസാന്നിദ്ധ്യത്തിൽ എഡിഎസിലെ ഒരു മുതിർന്ന അംഗത്തിന്റെ അദ്ധ്യക്ഷതയിലോ പ്രസ്തുത ചടങ്ങ് പൂർത്തീകരിക്കേണ്ടതാണ്. അദ്ധ്യക്ഷ(ൻ) സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കേണ്ടതാണ്.

2018 ജനുവരി 26–ാം തീയതി ഉച്ചക്ക് ശേഷം കേരളത്തിലെ എല്ലാ കുടുംബശ്രീ സിഡിഎസ്സുകളിലും ചുമതല ഏറ്റെടുക്കലും സത്യപ്രതിജ്ഞാ ചടങ്ങും നടത്തേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ്/ചെയർമാൻ/ ചെയർപേഴ്സൺ, കോർപ്പറേഷൻ മേയർ/വൈസ് പ്രസിഡന്റ്/വൈസ് ചെയർപേഴ്സൺ എന്നിവരിൽ ആരെങ്കിലും ഒരാൾ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കണം. കമ്മിറ്റി ഒന്നാകെ സത്യപ്രതിജ്ഞ ചെയ്താൽ മതിയാകും. സി.ഡി.എസ്. ചെയർപേഴ്സൺ ഇതുകൂടാതെ പ്രത്യേകം സത്യപ്രതിജ്ഞ ചൊല്ലി ചുമതല ഏറ്റെടുക്കണം. ബന്ധപ്പെട്ട ജനപ്രതിനിധികളുടെ അസാന്നിദ്ധ്യത്തിൽ സി.ഡി.എസ്. ആർ.ഒ./എ.ആർ.ഒ. സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കേണ്ടതാണ്. ആർ.ഒ./എ.ആർ.ഒ.യുടെ അസാന്നിദ്ധ്യമുണ്ടായാൽ സിഡിഎസ്സിലെ ഒരു മുതിർന്ന അംഗത്തിന് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കാവുന്നതാണ്. മൂന്ന് തലങ്ങളിലേയ്ക്കുമുള്ള സത്യപ്രതിജ്ഞ (ഫോർമാറ്റ് 6) മുൻകൂർ ലഭ്യമാക്കിയിട്ടുണ്ട്.

2018 ജനുവരി 26 ന് സി.ഡി.എസ്. തെരഞ്ഞെടുപ്പ് പൂർത്തീകരിക്കാത്ത സി.ഡി.എസ്സുകളുടെ താൽക്കാലിക ചുമതല 2018 ജനുവരി 26 മുതൽ അതാത് സി.ഡി.എസ് മെമ്പർ സെക്രട്ടറിമാർക്കായിരിക്കും. അതിലേയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോഗ്രാം ഓഫീസർ (സംഘടന)
എക്സിക്യൂട്ടീവ് ഡയറക്ടർക്കുവേണ്ടി

1) എല്ലാ ജില്ലാ കളക്ടർമാർക്കും
2) കുടുംബശ്രീ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ
3) കുടുംബശ്രീ വിലയിരുത്തൽ സമിതി അദ്ധ്യക്ഷർ
4) എല്ലാ ഗ്രാമ പഞ്ചായത്ത്/നഗരസഭാ സെക്രട്ടറിമാർക്കും
5) എല്ലാ ജില്ലാമിഷൻ കോ–ഓർഡിനേറ്റർമാർക്കും

പകർപ്പ്
1) എല്ലാ സിഡിഎസ് വരണാധികരികൾക്കും (ജില്ലാ മിഷൻ മുഖേന)
2) എല്ലാ മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ മിഷൻ മുഖേന)
3) കരുതൽ/അധികം

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org
www.kudumbashree.org